LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളിൽ കടത്തിയ വ്യാജമദ്യവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളും

130 [1109] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ നിന്നും പരിശോധന കഴിഞ്ഞുപോയശേഷം മറ്റു വകുപ്പിലെ ഉദ്യോഗസ്ഥർ പിടിച്ചെടുത്ത വ്യാജമദ്യ വാഹനങ്ങൾ എത്രയാണ്;

(ബി) ഇത്തരം കേസുകളിൽ ഓരോന്നിലും അപ്പോൾ ചെക്ക്പോസ്റ്റുകളിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നുവെന്നും ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു വാഹനം.

(ബി) മേൽവാഹനം പിടിച്ചെടുത്ത സമയത്ത് ബന്ധപ്പെട്ട ചെക്ക്പോസ്റ്റിൽ ചുവടെ പേര് ചേർക്കുന്ന ഉദ്യോഗസ്ഥർ ഡ്യൂട്ടിയിലുണ്ടായിരുന്നു.

1. എ. കൃഷ്ണൻ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ.
2. ഇ. വി. ബാലൻ, പ്രിവന്റീവ് ഓഫീസർ.
3. തോമസ് ലിങ്കൻ, എക്സൈസ് ഗാർഡ്
4. എം. പ്രഭാകരൻ ,,
5. പി. ശശി ,,

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ പേരിൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ എടുത്ത ശിക്ഷണ നടപടികൾ ചുവടെ ചേർക്കുന്നു:

1. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എ. കൃഷ്ണന്റെ ശമ്പളത്തിലെ രണ്ടു വർഷത്തെ വാർഷിക ഇൻക്രിമെന്റ് കൃമുലേറ്റീവ് ഇഫക്റ്റ് ഇല്ലാതെ തടഞ്ഞിട്ടുണ്ട്.

2. പ്രിവന്റീവ് ഓഫീസർ ബാലനെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പിന്നീട് സർവ്വീസിൽ തിരിച്ചെടുത്ത് തുടർ നടപടികൾ നടന്നുവരുന്നു.

3. എക്സൈസ് ഗാർഡുമാരായ തോമസ് ലിങ്കൻ, എം. പ്രഭാകരൻ എന്നിവർ കുറ്റക്കാരാണെന്നു തെളിഞ്ഞതിനാൽ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു.

4. എക്സൈസ് ഗാർഡ് ശശി നിരപരാധിയാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞതിനാൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടില്ല.